കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുളക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.8-1484/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 01/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.8-1484/2023 തീയ്യതി: 01/11/2023

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	05-08-2023	16-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-08-2023	16-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റ്റി.കെ.വാസുദേവൻ നായർ	പ്രസിഡന്റ്	01-04-2022	31-03-2023

ശ്രീ.മാത്യു ഡാനിയേൽ	സെക്രട്ടറി	01-04-2022	30-04-2022
ശ്രീമതി സിന്ധു എൻ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-05-2022	15-05-2022
ശ്രീ.അരുൺകുമാർ എൻ.	സെക്രട്ടറി	16-05-2022	14-10-2022
ശ്രീമതി സറീന അബ്ദുൾ അസീസ്	സെക്രട്ടറി	15-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിന്ധു എൻ.	അസി.സെക്രട്ടറി	01-04-2022	25-10-2022
ശ്രീമതി സീനാ മാത്യു	അസി.സെക്രട്ടറി, ഇൻ-ചാർജ്ജ്	26-10-2022	22-11-2022
ശ്രീമതി പ്രസന്ന എസ്.ടി.	അസി.സെക്രട്ടറി	23-11-2022	31-03-2023
ശ്രീമതി മീഡിയ റാണി	അസി.എഞ്ചിയനീയർ	01-04-2022	26-09-2022
ശ്രീ.സാലിൻ പി.എസ്.	അസി.എഞ്ചിനീയർ	27-09-2022	31-03-2023
ശ്രീ.പ്രദീഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീമതി വിദ്യാ ദേവി കെ.ആർ	വെറ്ററിനറി സർജൻ	01-04-2022	01-10-2022
ശ്രീമതി.ജിംസി ജോസഫ്	വെറ്ററിനറി സർജൻ	02-10-2022	31-03-2023
ശ്രീ.ശ്രുതിരാജ് ആർ	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ. നിഷ മോഹൻ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2022	31-03-2023
ഡോ.മീനു ഇന്ദുചൂഡൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2022	31-03-2023
ശ്രീമതി ബിന്ദുറാണി എം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീമതി ജിഷമോൾ എ.ബി.	വി.ഇ.ഒ.	01-04-2022	31-03-2023
ശ്രീ.പ്രിൻഷാദ് പി.വൈ	വി.ഇ.ഒ.	01-04-2022	31-03-2023
ശ്രീമതി മോളി	ഹെഡ്മിസ്ട്രസ്, യു.പി.സ്കൂൾ മുളക്കുളം	01-04-2022	31-03-2023
ശ്രീമതി രശ്മി ടി. രാജൻ	അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല	1-1-1
3	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-2
4	Prior Period-വിശദാംശം ലഭ്യമല്ല	1-1-3
5	Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല	1-1-5
7	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല	1-1-6
8	ബജറ്റ്-വിശകലനം	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഗ്രാന്റ് വിനിയോഗം	1-4
11	വാർഷിക പദ്ധതി അവലോകനം	1-5
12	ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി	1-6
13	സാമൂഹ്യസുരക്ഷ പദ്ധതികൾ	1-7
14	ക്യാഷ് ബാലൻസ് പരിശോധന	1-8
15	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ	1-11
18	ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് / സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.	1-12
19	വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.	1-13
20	ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.	1-14
21	വസ്തു നികുതി- വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു	1-15
22	മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-16
23	ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-17
24	മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല	1-18
25	തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ	1-19
26	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-20
27	മത്സ്യമാർക്കറ്റ് ഫീസ്, കെട്ടിട വാടക - മുൻ വർഷങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല	1-21
28	അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.	1-22
29	ഓഡിറ്റ് ഇംപാക്ട് -ക്ലീൻ മുളക്കളം പെരുവ ടൗണും പരിസരവും വൃത്തിയാക്കൽ- തുക തിരികെ അടവാക്കി	1-23
30	ഇലക്ഷൻ നിക്ഷേപം--പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല	1-24
31	കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല	1-25
32	ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല	1-26
33	ഫെസ്റ്റിവൽ അഡ്വാൻസ്--തുക തിരികെ ഈടാക്കിയിട്ടില്ല	1-27
34	വാഹന വാടക നൽകിയതിലെ അപാകതകൾ	1-28
35	തെരുവു വിളക്കു പരിപാലനം- അപാകതകൾ	1-29
36	മാലിന്യ സംസ്കരണം - തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ	1-30
37	നിക്ഷേപ പ്രവൃത്തികൾ -തുക തിരിച്ചടയ്ക്കേണ്ടതു സംബ-	1-31

38	പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യ പത്രം വാങ്ങാതെ തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു	1-32
39	ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.	1-33
40	വർക്ക് ഷെഡ് പ്രവർത്തനം -വിശദീകരണം നൽകിയില്ല - 3.19 ലക്ഷം രൂപയുടെ ചെലവ് ഫലപ്രാപ്തി കൈവരിച്ചില്ല	1-34
41	മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല	1-35
42	ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പണി പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമാക്കിയിട്ടില്ല.	1-36
43	തെറ്റായ കരാർ തീയതി രേഖപ്പെടുത്തിയതു മൂലം പിഴ ഇളവു നൽകാനിടയായി	1-37
44	ചിറപ്പുറം കുളത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം- അപാകതൾ	1-38
45	പൊതു ശ്മശാനം ആധുനികവൽക്കരണം - പൂർത്തീകരണ വിവരങ്ങൾ	1-39
46	വിവിധ വാർഡുകളിലെ പൊതുകിണർ നവീകരണം- കിണറുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല	1-40
47	സ്ത്രീ പദവീ പഠനം-പ്രോജക്ട് ലക്ഷ്യപ്രാപ്തിയെത്താൻ നടപടി സ്വീകരിക്കേണ്ടതാണ്	1-41
48	അടുക്കളമുറ്റത്തെ കോഴി വളർത്തൽ-വിശദാംശങ്ങൾ ലഭ്യമല്ല തുക തടസ്സപ്പെടുത്തുന്നു	1-42
49	സർക്കാർ അനുമതി നൽകിയതിലും കൂടിയ തുകക്ക് മൊബൈൽ ഫോൺ വാങ്ങി - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല	1-43
50	റോഡ് കോൺക്രീറ്റിങ്ങ്- ചെറിയ ചെയിനേജുകളിൽ മാത്രം പ്രവൃത്തി ഒതുങ്ങുന്നു	1-44
51	റോഡ് കണക്ടിവിറ്റി മാപ്പ്- തയ്യാറാക്കിയിട്ടില്ല.	1-45
52	ആശ്രയ പദ്ധതി വിഹിതം കൈമാറൽ-കൈമാറിയ മുഴുവൻ തുകയും വിനിയോഗിച്ചില്ല	1-46
53	അധിക വിഭവസമാഹരണം	1-47
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-7
7	സ്ഥിരനിക്ഷേപങ്ങൾ	4-8
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.മുളക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.06.2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 23.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുളക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-2 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് 350800101ൽ നിലനില്ക്കുന്നത് എന്നീ നമ്പർ ചെക്കിന്റെ (136368/-) ബാധ്യതയാണെന്ന് വ്യക്തമല്ല. കൂടാതെ വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിക്കുന്നവയുടെ വിവരവും അവയുടെ ക്രമീകരിക്കലും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി അവയുടെ ക്രമീകരിക്കൽ നിരീക്ഷിക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന മറ്റ് ഏജൻസികൾക്ക് നൽകാനുള്ള തുകകൾ മുൻകൂർ വരവുകൾ എന്നിവയുടെ വിനിമയം രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കേണ്ടതാണ്. എന്താണെന്ന് വ്യക്തതയില്ലാതെ നിലനിൽക്കുന്ന ബാധ്യതകൾ എന്താണ് എന്ന് കണ്ടെത്തി ILGMS-ൽ അവ കൃത്യമായി ശീർഷകങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-3 Prior Period-വിശദാംശം ലഭ്യമല്ല

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. 290800101-Prior Period Expenses-Establishment Expenses ശീർഷകത്തിൽ നെഗറ്റീവ് വന്ന തുകയ്ക്ക് 102676 വിശദീകരണം ലഭ്യമാക്കിയില്ല.

1-1-4 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ രേഖകൾ പ്രകാരം ഓഡിറ്റ് വർഷം പാർട്ട് ബിൽ നൽകിയെങ്കിലും Capital Work In Progress എന്ന ഹെഡ്ഡിൽ B11(B) തുക ഉൾപ്പെടുത്തിയിട്ടില്ല

1-1-5 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

1-1-6 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09.03.2023ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ വ്യത്യാസമില്ല. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്
മുന്നിരിപ്പ്	1,88,48,116
വരവ്	28,41,32,305
ആകെ	30,29,80,421
ചെലവ്	29,43,54,388
നീക്കിയിരിപ്പ്	86,26,033

എന്നാൽ ബജറ്റിൽ പഞ്ചായത്ത് ഫണ്ടിന്റെ മുന്നിരിപ്പ് കണക്കാക്കിയത് വലിയ അന്തരത്തിലാണ് എന്ന് കാണുന്നു. ഏതൊരു വർഷത്തേയ്ക്കുള്ള ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് എന്നത് നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ആയിരിക്കേണ്ടതാണ്. പുതുക്കിയ ബജറ്റ് എന്നത് യഥാർത്ഥ വരവ് ചെലവ് കണക്കുകളിൽ നിന്ന് വലിയ തോതിലുള്ള വ്യതിയാനം ഇല്ലാതെ തയ്യാറാക്കപ്പെടുന്നതാണ്. സാമ്പത്തിക വർഷാവസാനം ബജറ്റ് ശരിയായ മുന്നിരിപ്പ് കണക്കാക്കി പുതുക്കിയതായി കാണുന്നില്ല.

ബജറ്റ് പ്രകാരം 28.41 കോടി രൂപ വരവും 29.43 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 14.07 കോടി രൂപയും ചെലവ് 14.15 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്.

1-3 സാമ്പത്തിക വിശകലനം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും വരവ്/ ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ് (01/04/2022)	23,740,576/-
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	43,092,414/-
ആകെ	66,832,990/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	38,362,569/-
നീക്കിയിരിപ്പ് (31/03/2023)	28,470,421/-

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	1,40,774,877/-
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	1,41,542,501/-
പ്രവർത്തന നഷ്ടം(Gross Deficit)	(767,624/-)
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	(61,170/-)
അറ്റ പ്രവർത്തന നഷ്ടം (Net Deficit)	(706,454/-)

വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	6,394,382/-

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പെടെ വരുമാന-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 14.07/- കോടി രൂപയും ചെലവ് 14.15/- കോടി രൂപയുമാണ്.

1-4 ഗ്രാന്റ് വിനിയോഗം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	0	21452310	21452310	21137054	315256	98
വികസന ഫണ്ട്-SCSP	0	6018000	6018000	5953247	64753	98
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	103748	4071406	@4175154	2966202	1208952	71

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	3891828	6444516	*10336344	5091107	#5245237	49
മെയിന്റനൻസ് ഗ്രാന്റ്- Road	0	8619000	8619000	6830728	1788272	79
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	5607000	5607000	3731966	1875034	67
National Health Mission(NHM) ഫണ്ട്	-----	##346323	346323	----	346323	
ആരോഗ്യ ഗ്രാന്റ്	-----	210567	210567	---	210567	
ഐ.സി.ഡി.എസ്	191296	988426	1179722	134742	1044980$	-

@ ധനകാര്യകമ്മീഷൻഗ്രാന്റ്-Untied-മുന്നിരിപ്പ്, പലിശ, ട്രഷറി വരവ്, ബാങ്കിലെ വരവ് എന്നിവ ഉൾപ്പെടെ ആണ്.

*ധനകാര്യകമ്മീഷൻഗ്രാന്റ്-Tied-മുന്നിരിപ്പ്, ട്രഷറി വരവ്, ബാങ്കിലെ വരവ്എന്നിവ ഉൾപ്പെടെ ആണ്.

Tied ഗ്രാന്റ് E-Gram –ചെലവ്50,91,107 ആണ്. എന്നാൽ ILGMS -ചെലവ് 51,21,407 ആകുന്നു. വ്യത്യസം വന്നരൂപ 30300 ആകുന്നു.

$ 102406 രൂപ വെബ് സാംഖ്യയിൽ തനതുഫണ്ട് ചെലവ് ആയെങ്കിലും സുലേഖയിൽ ചെലവ് വന്നിട്ടില്ല.

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 6454189 രൂപയിൽ 5051122 രൂപ ബാങ്കിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്രഷറി അലോട്ട്മെന്റായി ലഭിച്ച1445562 രൂപയിൽ ചെലവഴിക്കാത്ത 1403067 രൂപയാണ് പഞ്ചായത്തിന് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷിക പദ്ധതി അവലോകനം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23)ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 01-03-2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണ സമിതി യോഗം	13/06/22
വർക്കിംഗ് ഗ്രൂപ്പ് യോഗം	04/06/22
ഗുണഭോക്തൃലിസ്റ്റ് അംഗീകാരം (ഗ്രാമസഭ)	08/06/22-14/06/22
ഊരുകൂട്ടം	02/06/22
വികലാംഗ ഗ്രാമ സഭ	06/06/22
വയോജന ഗ്രാമസഭ	07/06/22

വികസന സെമിനാർ	22/06/22
വാർഷിക പദ്ധതി അംഗീകാരം	08/07/22 യോഗത്തിലെ 3(2) നമ്പർ തീരുമാനം

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ	നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്	
കൃഷി ഓഫീസർ	7	7	1912920	1445000	76
വെറ്ററിനറി സർജൻ	8	8	2310800	2310800	100
മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	12	9	3623733	2775914	76
മെഡിക്കൽ ഓഫീസർ(ഹോമിയോ)	3	2	260000	196434	75
ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	3763030	2813030	74
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	2	190000	118242	62
വി.ഇ.ഒ I	14	14	57464112	15548170	27
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	7	6289100	4197499	67
സെക്രട്ടറി	35	24	18766328	9053405	48
അസി.എഞ്ചിനീയർ	87	49	25727157	13793338	53
ഹെഡ്മാസ്റ്റർ	4	3	965000	901602	93
അസി.സെക്രട്ടറി	14	11	2498599	1614399	64
ആകെ	**197**	**140**	**123770779**	**54767833**	**45**

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. 12,37,70,779 രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 5,47,67,833 രൂപയാണ് തൻവർഷം ചെലവഴിക്കാനായത്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 45% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 87 പ്രോജക്ടുകളിൽ 49 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസി.എഞ്ചിനീയർക്ക് 53% തുക മാത്രമാണ് ചെലവഴിക്കാനായത്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

<u>പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം</u>

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ വൈജ്ഞാനിക മേഖലകളിലെ വിദഗ്ദരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമായിരുന്നു. സ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുക എന്നുള്ളതാവും പതിനാലാം പദ്ധതിയുടെ പൊതു സമീപനം ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃദ്ധിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുകയെന്നതും നൂതനങ്ങളായ അവസരങ്ങളുടെ വാതായനങ്ങൾ തുറന്നെടുക്കുകയെന്നതും വരും പദ്ധതിയുടെ സമീപനമായിരിക്കും. സാമൂഹ്യനീതിയും ലിംഗ സമത്വവും ഉറപ്പാക്കുന്നതിന് പ്രത്യേക

പരിഗണന നൽകുന്നതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിൽ രൂപപ്പെട്ട് വരുന്ന വയോജന ഭിന്നശേഷി സൗഹൃദമായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സ്ഥാപന വൽകരിക്കുന്നതിനും വരും പദ്ധതിയിലൂടെ നടപടികൾ ആവിഷ്കരിക്കുന്നതാണ്.

ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ യോഗയ്ക്കുള്ള സാർവ്വ ദേശീയ സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആയുഷ് വെൽനെസ് സെന്ററിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചു. ശുചിത്വമേറിയതും മാലിന്യമുക്തവുമായ ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകുന്നതാണ്. ഗ്രാമീണ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കുന്നതിനും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കും. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.
സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ **40.43ലക്ഷം** രൂപ ലാപ്സായിട്ടുണ്ട്

ഗ്രാന്റ്-ഇനം	അലോട്ട്മെന്റ്/ വരവ്	ചെലവ്	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	21452310	21137054	315256
വികസന ഫണ്ട്-എസ്.സി.പി.	6018000	5953247	64753
മെയിന്റനൻസ് ഗ്രാന്റ്-Road	8619000	6830728	1788272
മെയിന്റനൻസ് ഗ്രാന്റ്-Non Road	5607000	3731966	1875034
			40,43,315

1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2022-23 വർഷം 4073 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 17 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 870 കുടുബങ്ങൾക്ക് ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 350 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 138 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 104 പ്രവൃത്തികൾ പൂർത്തീകരിച്ചു. 47739 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 246 അയൽകൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 870-കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴ / ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
കാഷ്	1254.56	752341	753595.56	753047	548.56
ഇ.എഫ്.എം.എസ്	0	20397266.86	20397266.86	20397266.86	0
ആകെ	1254.56	21149607.86	21150862.42	21150313.86	548.56

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 10,46,670 ലക്ഷത്തിലധികം രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	29882000	20229
കർഷകതൊഴിലാളി പെൻഷൻ	4428800	2851
വിധവാപെൻഷൻ	9800400	6287
വികലാംഗപെൻഷൻ	3111600	2023
50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	655800	425

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2023 തീയതിയിൽ 3.05 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12082/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	27.12.2019	2014-15 മുതൽ 2018-19 വരെ	LBA(HQ)-11/11/8A/110/2019/20 DT 03.01.2020

1-11 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ

മുളക്കുളം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷമാണ് ILGMS ഓൺലൈനായി പ്രവർത്തനം തുടങ്ങിയത്. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി (Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ

പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.

1. Other Construction, Movable Assets-Plant, Machinery & Tools, Movable Assets- Office Equipments And Other Equipments, Movable Assets - Others എന്നീ ആസ്തികൾ Other Fixed Assets എന്ന ശീർഷകത്തിലാണ് ILGMS-ലെ ആസ്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
3. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
4. 2021-22 വർഷം ബി 17 – Cash And Bank Balance തുകയും, RP40(B) ലെ തുകയും സാംഖ്യ പ്രകാരം 23740561/-രൂപയും ILGMS-ൽ RP40(A) - ൽ 23740576/-രൂപയുമാണ്.

വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് / സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം (നികുതിയിളവ് ഇല്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ തന്നെ ഒരേ കെട്ടിടത്തിലെ വിവിധ മുറികളെ/സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമയുടെ പേര്	കെട്ടിട നമ്പർ	മേഖല
പി.വി എബ്രാഹം	1/424 B	പ്രഥമം
	1/424 A	ദ്വിതീയം
സുനിൽ കോയിക്കൽ	16/332	ത്രിതീയം
	16/332 A	ദ്വിതീയം

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/11.08.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും ആവശ്യമെങ്കിൽ ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വിവരമറിയിക്കേണ്ടതുമാണ്.

1-13 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങൾ, ഹോസ്റ്റലുകൾ, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	വിസ്തീർണ്ണം(ച.മീ)

	5/369/A	ഡോ. മാത്യൂസ്	1385
	2/245	ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ	46
	4/39/A	സാശ്രയ കാർഷിക സമിതി	60
	13/355	പ്രസിഡന്റ്, കൾച്ചറൽ യൂത്ത് ക്ലബ്	60
	14/68/A	അർച്ചന ഖാദി യൂണിറ്റ്	44

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരമറിയിക്കേണ്ടതാണ്.

1-14 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്	കെട്ടിട നമ്പർ	വിസ്തീർണ്ണം (ച.മീ)	നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (60 രൂപ/ ച.മീ)	നിർണ്ണയിച്ച അടിസ്ഥാന നികുതി (40 രൂപ/ ച.മീ)	അടിസ്ഥാന വസ്തു നികുതിയിലെ കുറവ്
ജേക്കബ് മാത്യു	6/433 D- 33.07 ച.മീ 6/433 E- 17.2 ച.മീ 6/433 F- 17.2 ച.മീ 6/433 G- 19.3 ച.മീ 6/433 H- 9.46 ച.മീ 6/433 I- 23.85 ച.മീ	120.08	7205	4803	2402

ഇപ്രകാരം ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-15 വസ്തു നികുതി- വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു

31.03.2023-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 1756972 രൂപ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ളതായി കാണുന്നു. വസ്തുനികുതി കുടിശിക പിരിച്ചെടുക്കാനായി സ്വീകിരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-16 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ (കെട്ടിട നം- 12/325/A, വിസ്തീർണ്ണം- 9 ച.മീ) വസ്തു നികുതി ഇനത്തിൽ 2018 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ 21265 രൂപ (പ്രതി വർഷം 4253 രൂപ നിരക്കിൽ) ഈടാക്കാനുള്ളതായി കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത മൊബൈൽ ടവറിന്റെ വസ്തു നികുതി പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-17 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ' 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) ' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	1/64 B	ജയൻ അമ്പിളി	പെരുവ-പിറവം റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
2	1/190 A	ശ്രീനിവാസൻ		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
3	16/ 295 D	ജോളി കെ ജോസ്	ജാതിക്കാമല റോഡ്	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
4	16/328 B	മനോജ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്

ഇപ്രകാരം ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി

നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥല പരിശോധന നടത്തി അപാകത പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-18 മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുളള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ മേഖലകളെ സംബന്ധിച്ച വാർഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് തയ്യാറാക്കി വിവരമറിയിക്കേണ്ടതാണ്.

1-19 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

സ്ഥാപനത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം	നികുതി ഈടാക്കാത്ത അർദ്ധ വർഷം
1	ശ്രീ സരസ്വതി വിദ്യാ മന്ദിർ, കാരിക്കോട്	2
2	ഗവ.എൽ.പി സ്കൂൾ, പെരുവ	2
3	എസ്.ബി.ഐ അറുനൂറ്റിമംഗലം	2
4	ഗവ. നഴ്സറി സ്കൂൾ , വടകുന്നപ്പുഴ	2
5	തിരുമൂഴിക്കുളം ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസ്	2
6	പി എച്ച് സി പെരുവ	2
7	റവ. ഫാദർ ഗീവർഗ്ഗീസ് വി.എച്ച്.എസ്, കാരിക്കോട്	2
8	റിലയൻസ് സ്മാർട്ട്, പെരുവ	2
9	പോസ്റ്റ് ഓഫീസ്, മുളക്കുളം	2

2)തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ബാപ്പുജി സെൻട്രൽ സ്കൂൾ പെരുവ എന്ന സ്ഥാപനത്തിലെ അഞ്ജു കെ.ആർ എന്ന ജീവനക്കാരിയുടെ അർദ്ധ വാർഷിക വരുമാനം 66000 രൂപ വീതമാണെങ്കിലും തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നത് 300 രൂപ വീതമാണ് (ആകെ 600 രൂപ). 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) പ്രകാരം 60000 രൂപ മുതൽ 74999 രൂപ വരെ അർദ്ധ വാർഷിക വരുമാനമുള്ള ജീവനക്കാരിൽ തൊഴിൽ നികുതി ഇനത്തിൽ 600 രൂപ ഓരോ അർദ്ധ വർഷവും ഈടാക്കേണ്ടതാണ്. ആയത് പ്രകാരം പ്രസ്തുത ജീവനക്കാരിയിൽ നിന്ന് 2022- 23 സാമ്പത്തിക വർഷം 1200 രൂപ തൊഴിൽ നികുതിയിനത്തിൽ ഈടാക്കേണ്ടതായിരുന്നെങ്കിലും 600 രൂപയേ ഈടാക്കിയിട്ടുള്ളുയെന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രസ്തുത അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (26/11.08.23)(27/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-20 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മുളക്കുളം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ടേണോവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നമ്പർ	സ്ഥാപനം	നികുതി ഈടാക്കാത്ത അർദ്ധ വർഷം
1	കെ.എസ്.ഇ.ബി	1,2
2	മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ്	1,2

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(28/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-21 മത്സ്യമാർക്കറ്റ് ഫീസ്, കെട്ടിട വാടക - മുൻ വർഷങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് ലേലം ഇനത്തിൽ 4,04,606/- രൂപയും ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള മുറികൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ 38,619/- രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ടി കുടിശ്ശിക വിശദാംശം സംബന്ധിച്ച് നൽകിയ എൻക്വയറി നം.2/07.08.2023 ന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദാംശം ലഭ്യമല്ല. കുടിശ്ശികയുടെ വിശദാംങ്ങൾ മറുപടിയിൽ ലഭ്യമാക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിയേക്കണ്ടതുമാണ്.

1-22 അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, 2011, വകുപ്പ് 6(5) പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാലൻസ് ബാങ്ക് ബുക്ക് ബാലൻസുമായി എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതാണ്. വകുപ്പ് 6(4) പ്രകാരം എല്ലാ ദിവസവും ബാങ്ക് ബുക്ക് ട്രാൻസാക്ഷൻ പൂർത്തിയാക്കി ക്ലോസ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.
ഗ്രാമപഞ്ചായത്തിലെ 31.03.2023 ലെ ബാങ്ക് അക്കൌണ്ടുകൾ പരിശോധിച്ചതിൽ 3 മാസത്തെ കാലാവധിയ്ക്ക് ശേഷവും ട്രാൻസാക്ഷൻ നടത്താത്ത ചെക്കുകൾ/ഡിഡികൾ അവശേഷിയ്ക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.
ഓഡിറ്റ് എൻക്വയറി നം.7/09.08.2023 ന് മറുപടി ലഭ്യമാക്കിയില്ല.

1) DISTRICT CO-OPERATIVE BANK OWN FUND PERUVA(50121203000002)

Cheque Issued But Not Presented Into Bank (P)

വൌച്ചർ നം./ തീയതി	ചെക്ക്/ഡി.ഡി നം, തീയതി	തുക
22200182 09-06-2022	706688 08-06-2022	2500
22200046 08-05-2022	243943 13-04-2022	3,000.00
22101477 31-03-2022	243910 30-04-2022	4,164.00
22001608 29-03-2021	241550 30-04-2022	726
22101108 25-01-2022	243558 30-04-2022	1779
22100104 27-04-2021	241709 30-04-2022	2080
22200100 19-05-2022	706599 19-05-2022	1441
22200117 25-05-2022	706606 24-05-2022	360

നിലവിൽ ടി ചെക്ക്/ഡിഡി തുക അക്കൗണ്ടിൽ നിന്നും മാറി നൽകുകയോ സ്റ്റെയിൽ ചെക്കാക്കുകയോ ചെയ്യേണ്ടതും രേഖകൾ സഹിതം മറുപടി നൽകേണ്ടതുമാണ്.

2) STATE BANK OF INDIA E PAY PERUVA(67397392598)

Cheque Deposited But Not Cleared

വൌച്ചർ നം./ തീയതി	ചെക്ക്/ഡി.ഡി നം, തീയതി	തുക
11902090016 30-04-2022	30-04-2022	482
1220105474 21-12-2022	230256217244 29-10-2022	1704
1220107447 20-03-2023	236426568327 29-12-2022	645

നിലവിൽ ടി ചെക്ക്/ഡിഡി തുക അക്കൌണ്ടിൽ ക്രഡിറ്റ് ആയിട്ടുണ്ടെങ്കിൽ ആയതിന് രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

3) ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ മാസാന്ത്യ റക്കൺസിലീയേഷൻ റിപ്പോർട്ട് ഉണ്ടെങ്കിലും 3 മാസം കാലാവധി കഴിഞ്ഞ തുകകൾ ചെക്ക് ഡെപ്പോസിറ്റഡ് എന്ന ശീർഷകത്തിലും ചെക്ക് ഇഷ്യൂഡ് എന്ന ശീർഷകത്തിലും അവശേഷിയ്ക്കുന്നുണ്ട്.

എ)) DISTRICT CO-OPERATIVE BANK DISTRESS PERUVA(50121203000003)

ബി) DISTRICT CO-OPERATIVE BANK OWN FUND PERUVA(50121203000002)

സി) KERALA GRAMIN BANK CFC PERUVA(40590101040360)

ഡി) KERALA GRAMIN BANK CFC PERUVA(40590101040360)

ഇ) PBIG KGB PERUVA(40590101022203)

എഫ്) STATE BANK OF INDIA E PAY PERUVA(67397392598)

പഞ്ചായത്ത് അക്കൗണ്ടുകളുടെ വിവിധ മാസങ്ങളിലെ റിക്കൺസീലിയേഷൻ പത്രിക പരിശോധിച്ചതിൽ എല്ലാ മാസവും അക്കൗണ്ടിൽ Transaction നടപടിക്രമം പൂർത്തിയാക്കി ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, 2011 ലെ വ്യവസ്ഥകൾ പ്രകാരം അക്കൗണ്ട്സ് കൈകാര്യം ചെയ്യേണ്ടതും മേൽ പരാമർശത്തിന് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-23 ഓഡിറ്റ് ഇംപാക്ട് -ക്ലീൻ മുളക്കളം പെരുവ ടൗണും പരിസരവും വൃത്തിയാക്കൽ- തുക തിരികെ അടവാക്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പെരുവ ടൗണും പരിസരവും വൃത്തിയാക്കാൻ തനത് ഫണ്ട് ഉപയോഗിച്ച് ക്ലീൻ മുളക്കളം എന്ന പ്രോജക്ട് തയ്യാറാക്കി(152/23). 2,50,000/-രൂപ സി ഡി എസിന്റെ 2154308389 നമ്പർ അക്കൗണ്ടിലേക്ക് മുൻകൂറായി മാറ്റിയിട്ടുണ്ട് . ടി തുകയിൽ 2,36,735/- രൂപ പ്രോജക്ട് പ്രകാരം ചെലവഴിച്ചു. തൻ വർഷം ചെലവഴിക്കാത്ത 13265രൂപയും മുൻ വർഷങ്ങളിൽ നൽകിയ തുകയിൽ അവശേഷിക്കുന്ന 38016 രൂപയും ഉൾപ്പെടെ 51,281/- രൂപ ചെലവഴിക്കപ്പെടാതെ സി ഡി എസ് അക്കൗണ്ടിൽ നിലനിന്നിരുന്നു. ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ടി തുക പഞ്ചായത്തിന്റെ 67397392598 നമ്പർ അക്കൗണ്ടിലേക്ക് തിരികെ അടച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ നൽകിയ ഫണ്ടിന്റെ വിവരം പരിശോധിച്ച് , അതിൽ സർക്കാർ ഫണ്ട് ഉൾപ്പെടുന്നുണ്ടെങ്കിൽ സർക്കാരിലേക്ക് തിരികെ അടയേ്ക്കണ്ടതാണ്

1-24 ഇലക്ഷൻ നിക്ഷേപം--പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തിരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ കണ്ടുകെട്ടാവുന്നതുമാണ്. എന്നാൽ ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 31.03.2023 ൽ 38,000/- രൂപ ബാലൻസ്ഷീറ്റ് പ്രകാരവും രജിസ്റ്റർ പ്രകാരവും അവശേഷിയ്ക്കുന്നുണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/07.08.2023 ന് മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

1-25 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം 2001-2002 മുതൽ എഴുപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ ഉൾപ്പെടുന്നുണ്ട്. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന വസ്തുത രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ,(68,500രൂപ ഓഡിറ്റുവർഷം ചെലവഴിച്ചത്) കൃത്യതയും വ്യക്തമല്ല.

ഓഡിറ്റുവർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു കൂടാതെ നിലവിൽ വിചാരണ പൂർത്തീകരിയ്ക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

1-26 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ബില്ലിൽ കുറവ് ചെയ്തിട്ടുണ്ടെങ്കിലും നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (38/14.08.23) മറുപടി ലഭ്യമാക്കിയില്ല. 37311 രൂപ ഇത്തരത്തിൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട് . ടി തുക സർക്കാരിലേക്ക് തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 ഫെസ്റ്റിവൽ അഡ്വാൻസ്--തുക തിരികെ ഈടാക്കിയിട്ടില്ല

1) 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും ഓണം അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ജീവനക്കാരന്റെ പേര്	നൽകിയ അഡ്വാൻസ് തുക	തിരികെ ഈടാക്കാൻ അവശേഷിയ്ക്കുന്ന തുക
പ്രിയ ഡി.നായർ	20000	12000
സാബു എ.ആർ	20000	8000
ഹിമോജ് എം.പ്രകാശ്	20000	4000
ബിനു പി.ബി.	20000	4000

	ആകെ	28000

2) 1000/- രൂപ മുൻവർഷത്തെ കുടിശ്ശികയായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. കുടിശ്ശികയായ വർഷം, ജീവനക്കാരന്റെ പേര് എന്നിവ രജിസ്റ്ററിൽ ലഭ്യമല്ല.
ഓഡിറ്റ് എൻക്വയറി നം.3/07.08.2023 ന് മറുപടി ലഭ്യമാക്കിയില്ല.
ക്രമ.നം.1, 2 എന്നിവയിൽ സൂചിപ്പിച്ച പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ ഈടാക്കുവാൻ അവശേഷിക്കുന്ന തുക ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി നൽകേണ്ടതുമാണ്.

1-28 വാഹന വാടക നൽകിയതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച ആരോഗ്യമേളയിൽ പങ്കെടുക്കുന്നതിന് മുളക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്ന് കടുത്തുരുത്തിയിലേക്ക് ആളുകളെ എത്തിച്ച വണ്ടി കൂലി ഇനത്തിൽ 09.06.22 തീയതിയിലെ 22200181 നം വൗച്ചർ പ്രകാരം 7500 രൂപയും ബഹു. കേരള സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്നതിന് ആളുകളെ കോട്ടയത്ത് എത്തിച്ചതിനായുള്ള വണ്ടി കൂലി ഇനത്തിൽ 06.06.22 തീയതിയിലെ 22200178 നം വൗച്ചർ പ്രകാരം 8500 രൂപയും അജീഷ് പ്രഭു എം.പി എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ യാത്രക്ക് ഉപയോഗിച്ച വാഹനവുമായി ബന്ധപ്പെട്ട വിവരങ്ങൾ (വണ്ടി നമ്പർ, ഏതു തരം വാഹനം, ട്രിപ്പ് ഷീറ്റ് തുടങ്ങിയവ) ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല വൗച്ചറുകൾ പ്രകാരം അജീഷ് പ്രഭു എം.പി എന്ന വ്യക്തിക്കാണ് തുക നൽകിയിട്ടുള്ളതെങ്കിലും അക്ഷയ് കുമാർ എം.എസ് എന്ന വ്യക്തി തുക കൈപ്പറ്റിയതിന്റെ രേഖകളാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്. കൂടാതെ പഞ്ചായത്ത് ഫണ്ടിൽ നിന്ന് പ്രസ്തുത ചെലവുകൾ നടത്തുവാനുണ്ടായ സാഹചര്യവും വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 16000 രൂപയുടെ (8500+7500)ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-29 തെരുവു വിളക്കു പരിപാലനം- അപാകതകൾ

പ്രോജക്ട് നമ്പർ	**63/23**
അടങ്കൽ	240000/-(CFC-Basic Grant)
ചെലവ്	51200/--(55/27.09.22) 188500/-(72/14.10.22)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ കേടുവന്ന തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ 63/23 നമ്പർ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ശ്രീ.ബിനു ചാക്കോ, എഡ്വിൻ ലൈറ്റ്സ്, വടവാതൂരുമായി 1/12/2021 മുതൽ ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിരുന്നു. ഇതുപ്രകാരം കേടുവന്ന 9 വാട്ട് ബൾബുകൾ 360 എണ്ണം 420 രൂപ നിരക്കിലും ഓട്ടോമാറ്റിക് ലൈറ്റുകൾ 325 എണ്ണം 580 രൂപ നിരക്കിലും ആകെ 3,39,700/- രൂപയുടെ പ്രവൃത്തി ചെയ്തതായി കരാറുകാരൻ അറിയിച്ചതു പ്രകാരം ഓഡിറ്റു വർഷം 2,39,700/-രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ലൈറ്റുകൾ റിപ്പയർ ചെയ്തതിന് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം പ്രകാരമുള്ള കണക്കുകളും, ഓഡിറ്റിനു ഹാജരാക്കിയ തെരുവു വിളക്കുകളുടെ വാർഡു തിരിച്ചുള്ള രജിസ്റ്ററിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

2.തുക നൽകിയതിന് ആധാരമായ അറ്റകുറ്റപണി നടത്തിയ തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ (വാർഡ് നമ്പർ, ഇലക്ട്രിക്ക് പോസ്റ്റ് നമ്പർ, തെരുവുവിളക്കിന്റെ തരം [CFL/Flourescent Lamp/Filament Lamp/Sodium Vapour Lamp Etc.], മാറ്റിയ സ്പെയർ പാർട്ട്സ് [ചോക്ക്/സ്റ്റാർട്ടർ/ട്യൂബ്/ഹോൾഡർ] രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല.

3.നിലവിലുള്ള കേടായ സി.എഫ്.എൽ മാററി പകരമായാണ് പുതിയ ബൾബുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ മാറ്റിയ പഴയ സി.എഫ്.എൽ വിളക്കുകളും അനുബന്ധ സാമഗ്രികളും സ്റ്റോക്കിലെടുത്തിട്ടില്ല.

4. 5.09.2011 ലെ സർക്കുലർ നം 3055/ഡി എ 3/11 തസ്വഭവ പ്രകാരം തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കുന്ന നിരക്ക് കെ എസ് ഇ ബി യുടെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ലാത്തതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ കെ എസ് ഇ ബി യുടെ നിരക്ക് എത്രയാണെന്ന് രേഖപ്പടുത്തിയിട്ടില്ല.

5. ടെൻഡർ ക്ഷണിക്കുന്ന സമയത്ത് ഓരോ തെരുവുവിളക്കും റിപ്പയർ ചെയ്യാനാവശ്യമായ കെ എസ് ഇ ബി രേഖപ്പടുത്തിയ നിരക്ക് എത്രയാണെന്ന് (എസ്റ്റിമേറ്റ്) ടെൻഡർ ഷെഡ്യൂളിൽ രേഖപ്പടുത്തിയിട്ടില്ല.

6. കൂടാതെ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി കെ എസ് ഇ ബി യ്ക്ക് നൽകിയ തുകകളുടെ വിവരവും, നിലാവ് പ്രവൃത്തിയുടെ പുരോഗതിയും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് എന്നു സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 41/14.08.23) മറുപടി ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 2,39,700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 മാലിന്യ സംസ്കരണം - തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ

മാലിന്യ-ശുചിത്വ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു

മാലിന്യ ശുചിത്വ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും മറ്റും മുൻവർഷങ്ങളിൽ ലഭിച്ച വിവിധ ഫണ്ടുകൾ നിലവിലും വിനിയോഗിക്കാതെ ബാലൻസ് ഷീറ്റിൽ കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

ശുചിത്വ മിഷൻ ഗ്രാന്റ് - 55,503

ഖരമാലിന്യ സംസ്കരണം-11,14,108

മേൽ വിവരിച്ച തുകയിൽ ഭൂരിഭാഗവും പഞ്ചായത്തിന്റെ തനതുഫണ്ട് ബാങ്ക് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ തുക നിലവിലും ഉപയോഗപ്പെടുത്താത്തതിന്റെ കാരണവും, ഉപയോഗപ്പെടുത്താത്ത തുക തിരികെ നൽകാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്

ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ -സംബന്ധിച്ച്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതമായ പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാനം സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

1-31 നിക്ഷേപ പ്രവൃത്തികൾ -തുക തിരിച്ചടയേ്ക്കണ്ടതു സംബ-

09/03/2023-ലെ സർക്കാർ ഉത്തരവ്(കൈ)നം 38/2023ധന പ്രകാരം അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ നടത്തുന്ന നിക്ഷേപപ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയേ്ക്കണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഷികകണക്കുകൾ പ്രകാരം 4.22 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാതെ അവശേഷിയ്ക്കുന്നു. ടി തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമായില്ല (9/10.08.2023) വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കാതെ/പ്രവൃത്തി പൂർത്തീകരിയ്ക്കാതെ വർഷങ്ങളായി നിക്ഷേപിച്ചിരിയ്ക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യ പത്രം വാങ്ങാതെ തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു

മുളക്കുളം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവ് 1801001 രൂപയും 2022-23 വർഷം തനത് ഫണ്ടിൽ നിന്നു

വകയിരുത്തിയിരിക്കുന്നത് 4095840 രൂപയുമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 5.1.13 പ്രകാരം മുൻ സാമ്പത്തിക വർഷം പദ്ധതിക്കു വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷം പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ, അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പഞ്ചായത്തിന്റെ ഓഡിറ്റ് ചുമതലയുള്ള ജില്ലാ/ മേഖല/ സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യ പത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്. എന്നാൽ 2022- 23 വർഷം ഇപ്രകാരം ഒരു സാക്ഷ്യപത്രം വാങ്ങിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/14.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-33 ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട്	നം-133- സമ്മിശ്ര കൃഷി പരിപാലനം രാസ വളം ജൈവവളം സബ്സിഡി
ചെലവ്	409200 (വികസന ഫണ്ട്- ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ

ബിൽ നം 12/22-23 (തീയതി- 20.03.23, തുക- 35410 രൂപ)പ്രകാരം മുളക്കുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് (അക്കൗണ്ട് നം 2154310808) 32410 രൂപയും കീഴൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് (അക്കൗണ്ട് നം 0802673000000085) 3000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/11.08.23) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ 35410 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവ് സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-34 വർക്ക് ഷെഡ് പ്രവർത്തനം -വിശദീകരണം നൽകിയില്ല - 3.19 ലക്ഷം രൂപയുടെ ചെലവ് ഫലപ്രാപ്തി കൈവരിച്ചില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ സ.ഉ.(കൈ) നം. **137/2018/** തീയതി **24.9.18** പ്രകാരം ലൈഫ് മിഷൻ പദ്ധതിക്കായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിപ്പിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങാമെന്ന് പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മുളക്കുളം ഗ്രാമപഞ്ചായത്ത് 19-20 വർഷം പത്താം വാർഡിൽ വർക്ക് ഷെഡും വാട്ടർടാങ്കും നിർമ്മിച്ച് നൽകിയിട്ടുണ്ട്. (പ്രോജക്ട് നമ്പർ**-98/2020,** ചെലവ് **- 319516/-**പദ്ധതി വിഹിതം)റോഡിൽ നിന്ന് വർക്ക് ഷെഡിലേക്ക് എത്താനാവാത്ത വിധം വെള്ളക്കെട്ട് നിറഞ്ഞ അവസ്ഥയിലാണ് ടി സ്ഥലം. പഴയ കുറച്ച് സിമന്റ് ഇഷ്ടികകൾ കൂട്ടിയിട്ടിരിക്കുന്നതൊഴിച്ചാൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനവും ടി ഷെഡിൽ നടക്കുന്നില്ല. **10.08.2023** നു നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ പരിസരം കാടുപിടിച്ച് വൃത്തിഹീനമായ അവസ്ഥയിൽ കാണപ്പെട്ടു. ചെറിയ മഴയിൽ വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലത്ത് ഷെഡ് നിർമ്മിച്ചതിന്റെ കാരണം വ്യക്തമല്ല. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി മുളക്കുളം ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച് നൽകിയ എംജിഎൻആർഇജിഎസ് സിമന്റ് ഇഷ്ടിക യൂണിറ്റ് വർക്ക് ഷെഡ് മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു. ടി സ്ഥലം ഗ്രാമപഞ്ചായത്തിന്റേതാണെന്നു ബോധ്യപ്പെടുന്നതിന് ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഷെഡിൽ നാളിതുവരെ മെഷിനറി സ്ഥാപിക്കുകയോ പ്രവർത്തനങ്ങൾ നടത്തുകയോ നിലവിൽ ചെയ്യുന്നില്ല. വർക്ക് ഷെഡ് പ്രവർത്തിപ്പിക്കാനും കെട്ടിടവും ഭൂമിയും ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(34/14.08.23)** മറുപടി ലഭ്യമാക്കിയില്ല. വൻതുക ചെലവഴിച്ചു നിർമ്മിച്ച കെട്ടിടങ്ങൾ നിഷ്ക്രിയാസ്തിയായി മാറാതിരിയ്ക്കാനും അന്യാധീനപ്പെടാതിരിയ്ക്കാനും സത്വര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ടി

വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

1-35 മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുളക്കുളം ഗ്രാമ പഞ്ചായത്ത് ഹോമിയോ ഡിസ്പൻസറിക്ക് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ (ഹോംകോ) നിന്ന് മരുന്നു വാങ്ങുന്നതിനായി 1,90,000/-രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) അനുവദിച്ചിരുന്നു. പ്രസ്തുത സ്ഥാപനത്തിന് ബിൽ നം.1/07.11.2022 പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ 87,378/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്നതു വരെ 87,378/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പണി പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം.	അടങ്കൽ ഫണ്ട്	ചെലവ്	ബിൽ നമ്പർ
27/23 ടേക്ക് എ ബ്രേക്ക് നിർമ്മാണം പൂർത്തീകരണം വാർഡ് 14 കീഴൂർ	250000 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)	148669	437/29.03.23
29/23 ടേക്ക് എ ബ്രേക്ക് നിർമ്മാണം പൂർത്തീകരണം വാർഡ് 9 അറുനൂറ്റിമംഗലം	250000 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)	215751	421/27.03.23

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 9--ാം വാർഡിൽ അറുന്നൂറ്റിമംഗലം ജംഗ്ഷനിലും 14-ാം വാർഡിൽ കീഴൂർ കാഞ്ഞിരവളവ് ജംഗ്ഷനുസമീപത്തും പി ഡബ്ള്യു ഡി റോഡ് സൈഡിലായി റവന്യൂ പുറംമ്പോക്ക് സ്ഥലത്ത് പൊതു ശൗചാലയ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് മുൻവർഷം പ്രോജക്റ്റുകൾ നടപ്പാക്കിയിരുന്നു. 2022-23 വർഷം അറുനൂറ്റിമംഗലം ഭാഗത്തെ ശൗചാലയത്തിന്റെ മുറ്റം പേവിങ് ബ്ലോക്ക് ഇടുന്നതിനും മതിൽ നിർമ്മിക്കുന്നതിനും പ്രോജക്റ്റ് തയ്യാറാക്കി (27/23) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 215751 രൂപയും കീഴൂർ ഭാഗത്തെ ശൗചാലയത്തിന്റെ മുറ്റം ടൈലിടുന്നതിന് 27/23 നമ്പർ പ്രോജക്റ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 148689/- രൂപയും ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്ങ് എന്നിവ നടത്തിയിട്ടുണ്ടെങ്കിലും ശുചിമുറി കോംപ്ലക്സ് നാളിതുവരെ പൊതുജനാവശ്യത്തിനായി തുറന്നു നൽകിയിട്ടില്ലയെന്ന് 11/08/23ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. ടി കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 40/14.08.23) മറുപടി ലഭ്യമാക്കിയില്ല. ടി വിഷയം എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. ടോയ് ലെറ്റ് സമുച്ചയം നിഷ്ക്രിയമായി അവശേഷിക്കാതെ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 തെറ്റായ കരാർ തീയതി രേഖപ്പെടുത്തിയതു മൂലം പിഴ ഇളവു നൽകാനിടയായി

2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6)പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം അംഗീകരിച്ച പി എ സി യുടെ 1% പിഴ ഈടാക്കിയും കരാർ ചമക്കുന്നതിന് അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ മുദ്രപത്രം വാങ്ങിയ തീയതിക്കു മുമ്പായി കരാറിലേർപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ രേഖകളിൽ കൃത്രിമത്വം കാട്ടിയതു മൂലം നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു (ക്രമ നമ്പർ 1, 3).

ക്രമ നം	പ്രോജക്ക്, പ്രോജക്ക് നമ്പർ കരാറുകാരൻ കരാർനമ്പർ/ തീയതി കരാർ തുക	സെലക്ഷൻ നോട്ടീസ് അയച്ച/ കൈപ്പറ്റിയ തീയതി	സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി	കരാറിലേർപ്പെട്ടതായി രേഖപ്പെടുത്തിയ തീയതി	മുദ്രപത്രം ഇഷ്യു ചെയ്ത തീയതി	ഈടാക്കേണ്ടിയിരുന്ന പിഴ 1% നിരക്കിൽ
1	80/23 ചിറപ്പുറം കുളത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനത്തിന് സൗകര്യമൊരുക്കൽ കെ കെ ശശിധരൻനായർ 53/AE/MLKM/21-22 തീയതി 14.03.22 1293998	2/03/2022	16/03/22	14/03/22	21/03/22	12940
2	40/23 ലക്ഷംവീട് കോളനി കിണർ മെയിന്റനൻസ്. കെ കെ ശശിധരൻനായർ 42/AE/MLKM/21-22 05.02.22, 89291	5/02/2022	19/02/22	5/02/22	08/02/22	-
3	41/23 കുറുമുള്ളത്തടം ഭാഗം കിണർ അറ്റകുറ്റപണി പോൾ കെ സി 46/AE/MLKM/21-22 05.02.22 160389	05/02/22	19/02/22	5/02/22	2/03/22	1603
4	42/23 പള്ളിനിരപ്പ് ലക്ഷംവീട് കോളനി കിണർ അറ്റകുറ്റപണി കെ കെ ശശിധരൻനായർ 39/AE/MLKM/21-22 05.02.22 188142	05.02 22	19/02/23	05/02/23	08/02/22	-

5	49/23 കല്ലിങ്കൽകുഴി കിണർ മെയിന്ററനൻസ്. 38/AE/MLKM/21-22 05.02.22 കെ കെ ശശിധരൻനായർ	05/02/23	19/02/23	05/02/23	08/02/23	

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 39/14.08.23) മറുപടി ലഭ്യമാക്കിയില്ല. കരാർ തീയതി തെറ്റായി രേഖപ്പെടുത്തി കരാർ ചമച്ചത് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-38 ചിറപ്പുറം കുളത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം- അപാകതൾ

പ്രോജക്ട്	80/23,ചിറപ്പുറം കുളത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം
അടങ്കൽ	1450000
ചെലവ്	1434389
ബിൽ നമ്പർ	448/30.03.23
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ
കരാറുകാരൻ	ശശിധരൻ നായർ കെ കെ
അളവു പുസ്തകം	53/AE/21-22
കരാർ	53/AE/MLKM/21-22 14/03/22

1. കരാറുകാരൻ കോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം തുക നൽകി

നിലവിലുള്ള കുളത്തിന്റെ കരിങ്കൽകെട്ടി പൊളിഞ്ഞ ഭാഗങ്ങൾ നവീകരിച്ച് ബെയിലിങ്ങ് ഔട്ട് നടത്തി ചെളിയും മണ്ണും നീക്കം ചെയ്ത് സിമന്റ് കോൺക്രീറ്റ് ലൈനിംങ്ങ് നടത്തി നവീകരിച്ച്, കുട്ടികൾക്ക് നീന്തൽ പരിശീലനത്തിന് സൗകര്യം ഒരുക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. എല്ലാം ഇനങ്ങൾക്കും എസ്റ്റിമേറ്റ് തുകയെക്കാൾ 1.1%കുറവ് കോട്ട് ചെയ്ത K.K. ശശിധരൻനായരാണ് പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത്. പ്രവൃത്തി നിർവ്വഹിച്ച് പാർട്ട് ബിൽ സമർപ്പിച്ചപ്പോൾ ടെണ്ടർ നിരക്ക് കുറവ് ചെയ്യാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകിയതിനാൽ കരാറുകാരന് 15243/- രൂപ അധികം തുക നൽകാനിടയായി

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

	ചെലവഴിച്ച തുക	ചെലവഴിക്കാവുന്ന തുക
ആകെ വേലമൂല്യം	1215583.88	1215583.88
ടെണ്ടർ കുറവ്,	-	13371.42
വേലമൂല്യം	1215583.88	1202212.46
ജി എസ് റ്റി കോമ്പൻസേഷൻ	218809.09	216398.24
ആകെ	1434388.97	1418609.66
ആദായ നികുതി	12156	12022

KCWWF	12156	12022
GST	24312	24044
Retention	30390	30390
അറ്റ തുക	1355375	1340131.66
അധികം		15243

2. പ്രോജക്ട് ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല.

14/03/22ൽ കരാറിലേർപ്പെട്ട പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് സംബന്ധിച്ച് വ്യവസ്ഥകൾ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ഇനങ്ങളും നിർവ്വഹിച്ചെങ്കിലും സമർപ്പിച്ച ബിൽ പാർട്ട് ബില്ലായി കണക്കാക്കി തുക അനുവദിക്കുകയാണ് ചെയ്തത് കുളത്തിന്റെ നിർമമാണം പൂർത്തിയായെങ്കിലും നീന്തൽ പരിശീലനം ആരംഭിച്ചിട്ടില്ലെന്ന് 11/03/23ൽ സൈറ്റ് പരിശോധനയിൽ വ്യക്തമായി .മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (37/14.08.23) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ തുക ഫൈനൽ ബില്ലിൽ ക്രമീകരിക്കേണ്ടതാണ് . മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിന് ചെലവഴിച്ച 1434389 രൂപ തടസ്സപ്പെടുത്തുന്നു.

1-39 പൊതു ശ്മശാനം ആധുനികവൽക്കരണം - പൂർത്തീകരണ വിവരങ്ങൾ

പ്രോജക്ട് നമ്പർ	**124/22**	**62/23**	**246/23**
അടങ്കൽ	2000000 CFC + 1000000 ബ്ലോക്ക് വിഹിതം + 4000000 (ജി. പ. വിഹിതം) ആകെ 7000000/-	2000000(CFC)+1000000 (ബ്ലോക്ക് വിഹിതം)+ 4000000 (ജി. പ. വിഹിതം) ആകെ 7000000/-	321700(പദ്ധതി വിഹിതം -ജനറൽ)+ 1778300(CFC) ആകെ 2100000
ചെലവ് , ഫണ്ടിനം	655083/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	2000000(CFC)+752234 (ബ്ലോക്ക് വിഹിതം) ആകെ2752234/-	321700(പദ്ധതി വിഹിതം -ജനറൽ)+ 414938(CFC) ആകെ 736638
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	സെക്രട്ടറി	സെക്രട്ടറി

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ ബ്ളോക്ക് നമ്പർ 22 ൽ റീ സർവ്വേ നമ്പർ 717/3 ൽ പെട്ട 11.51 ആർ സ്ഥലം വർഷങ്ങളായി പൊതുശ്മശാനമായി ഉപയോഗിച്ച് വരികയാണ്. പ്രസ്തുത പൊതുശ്മശാനത്തിന്റെ ആധുനികവൽക്കരണം നടത്തി ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡിനെ ചുമതലപ്പെടുത്തുകയും 12.5.21 ലെ 3(1) , 27.8.21 ലെ 57(1) ലെ കമ്മറ്റി തീരുമാനങ്ങൾ പ്രകാരം റഫ് കോസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തു. വികസനഫണ്ട് വിഹിതമായി 20 ലക്ഷം രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 40 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപയായിരുന്നു അടങ്കൽ കണക്കാക്കിയിരുന്നത്. DCKTM/226/2022-1-H1 DT 11.3.22 ഉത്തരവ് പ്രകാരം ജില്ലാകളക്ടർ ശ്മശാനത്തിന് നിർമ്മാണാനുമതി നൽകി. DSR 2018 പ്രകാരം കോസ്റ്റ്ഫോർഡ് ചുവടെ ചേർക്കും പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകുകയുണ്ടായി.

പാർട്ട് 1	സിവിൽ, ഇലക്ട്രിക്, പ്ളംബിംങ്ങ് (12% GST ഉൾപ്പെടെ)	49,65,620/-	NON PMC
പാർട്ട് 2	ഗ്യാസ് ഫർണ്ണസ്, അനുബന്ധ ഉപകരണങ്ങൾ	36,57,709/-	PMC
	ആകെ	86,23,329/-	

18.3.22 ലെ 1(1) തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. 26.3.22 ൽ കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെടുകയും ചെയ്തു (നമ്പർ 055/21-22). കരാർ പ്രകാരം

പ്രോജക്ട് കോസ്റ്റിന്റെ 20% മുൻകൂർ നൽകേണ്ടിയിരുന്നു. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭിക്കാത്തതിനാൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 655083/- രൂപ മാത്രം സ്ഥാപനത്തിന് മുൻവർഷം നൽകി. ഓഡിറ്റു വർഷം 3488872 രൂപ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന് ചെലവഴിച്ചിട്ടുണ്ട്. ആയതിൽ പ്രോജക്ട് നമ്പർ 246/23 പ്രകാരമുള്ള തുക അധിക വിഹിതം വകയിരുത്തിയതാണ്. 10.08.2023ന് ശ്മശാനത്തിൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഫർണസ് അനുബന്ധ ഉപകരണങ്ങൾ ഘടിപ്പിച്ച് ശ്മശാനം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്ന രീതിയിൽ ആയിട്ടില്ല.

മുളക്കുളം, കടുത്തുരുത്തി, തലയോലപ്പറമ്പ്, ഞീഴൂർ എന്നീ നാല് പഞ്ചായത്തുകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ആയിരുന്നു പൊതുശ്മശാന നിർമ്മാണം വിഭാവനം ചെയ്തിരുന്നത്. മൂന്ന് വർഷം മുൻപ് ആരംഭിച്ച പ്രവൃത്തി ലക്ഷ്യം കൈവരിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 35/14.08.2023 മറുപടിയായി 2023-24 സാമ്പത്തിക വർഷം ഗ്യാസ് ഫർണസ് സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . പ്രവൃത്തി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിയ്ക്കുന്നതു വരെ ഓഡിറ്റു വർഷം ചെലവഴിച്ച 34,88,872 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 വിവിധ വാർഡുകളിലെ പൊതുകിണർ നവീകരണം- കിണറുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെപറയുന്ന കിണറുകൾക്ക് അറ്റകുറ്റപണിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്

പ്രോജക്ട്	ചെലവ് തുക	ബിൽ നമ്പർ
49/23കല്ലിങ്കൽ കുഴി കിണർ അറ്റകുറ്റപ്പണി വാർഡ് 17	57389	188/2.2.23
40/23 ലക്ഷം വീട് കോളനി കിണർ അറ്റകുറ്റപ്പണി വാർഡ് 9	93782	187/2.2.23
41/23കുറുമുള്ളതടം ഭാഗം കിണർ അറ്റകുറ്റപണിവാർഡ് 11	138169	31/5.8.22
42/23 പള്ളിനിരപ്പ് ലക്ഷംവീട് കോളനി കിണർ അറ്റകുറ്റപ്പണിവാർഡ്15	200814	189/22-23
43/23കാട്ടാമ്പള്ളി കുടിവെള്ളപദ്ധതി കിണർ അറ്റകുറ്റപ്പണിവാർഡ്15	312679	176/28.01.23
ആകെ	802833	

ടി കിണറുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. കൂടാതെ കാട്ടാമ്പള്ളി കുടിവെള്ളപദ്ധതിയുടെ കിണർ അറ്റകുറ്റപണിക്കായും തുക ചെലവഴിച്ചിട്ടുണ്ട്. ടി കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിരുന്നോ എന്നതിൽ വ്യക്തമല്ല.

കുടിവെള്ളപദ്ധതിയുടെ നടത്തിപ്പും പരിപാലനവും ബന്ധപ്പെട്ട ഗുണഭോക്തൃസമിതിയാണ് നിർവ്വഹിക്കേണ്ടത്. ടി കിണറുകൾ പഞ്ചായത്തിന്റെ ആസ്തിയാണ് എന്നതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും കാട്ടാമ്പള്ളി കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിരുന്നെങ്കിൽ അറ്റകുറ്റപണിക്ക് തുക ചെലവഴിച്ചതിന്റെ സാഹചര്യം അറിയിക്കേണ്ടതാണെന്നുമാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 33/11.08.23) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച 802833 രൂപ തടസ്സപ്പെടുത്തുന്നു.

1-41 സ്ത്രീ പദവീ പഠനം-പ്രോജക്ട് ലക്ഷ്യപ്രാപ്തിയെത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ	119/23
അടങ്കൽ	130000 വികസനഫണ്ട് 50000 തനത്ഫണ്ട് --------- 180000
ചെലവ്	130000വികസനഫണ്ട് 14133തനത്ഫണ്ട് --------- 144133
നിർവ്വഹണോദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സ്ത്രീ പദവീ പഠനം എന്ന പ്രോജക്ട് പഞ്ചായത്ത് പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും സ്ത്രീസൗഹൃദമാക്കി മാറ്റുന്നതിനും, സ്ത്രീകളുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പഠിയ്ക്കുന്നതിനും അതിലൂടെ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമാക്കിയുള്ളതാണ്. വാർഡ് തല സർവ്വേ നടത്തുന്നതിനും ഫോക്കസ് ഗ്രൂപ്പ് ഡിസ്ക്കഷൻ നടത്തുന്നതിനുമാണ് മേൽ തുക പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. മേൽ പ്രോജക്ട് നടപ്പാക്കിയതുവഴി തൊഴിൽ മേഖല, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, അറിവ് നേടൽ, പൊതുരംഗത്തെ സ്ത്രീപങ്കാളിത്തം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വിഷയങ്ങളിലെ പുരോഗതി/നിലവിലെ അവസ്ഥ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നമ്പർ 13/11.08.23) വാർഡ് തല ഡിസ്ക്കഷൻ, സാമ്പിൾ സർവ്വേ എന്നിവ നടത്തിയെന്നും സമയ അപര്യാപ്തമൂലവും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലവും തുടർ നടപടികൾ നടത്തിയില്ലെന്നും ആയതിനുള്ള ഫണ്ട് 2023-24 സാമ്പത്തികവർഷത്തിൽ വകയിരുത്തിയെന്നും അറിയിച്ചു. പ്രസ്തുത പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കണമെങ്കിൽ മേൽ സൂചിത വിഷയങ്ങളിൻ മേൽ പ്രാവർത്തിക തലത്തിൽ നടപടികൾ സ്വീകരിയേ്ക്കണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

1-42 അടുക്കളമുറ്റത്തെ കോഴി വളർത്തൽ-വിശദാംശങ്ങൾ ലഭ്യമല്ല തുക തടസ്സപ്പെടുത്തുന്നു

വെറ്ററനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി അടുക്കളമുറ്റത്തെ കോഴി വളർത്തലിനായി ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട്	അടങ്കൽ, ഫണ്ട്	ചെലവ്	ബിൽ നം.
137/23	60000 , വികസനഫണ്ട് എസ് സി പി	60000	138/10.01.23
131/23	229800, വികസനഫണ്ട് ജനറൽ	229800	137/10.01.23
	ആകെ		289800

45-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സർക്കാർ അംഗീകൃത നഴ്സറിയിൽ നിന്നും വാങ്ങി 5 ലക്ഷത്തിൽ താഴെ വരുമാനം ഉള്ളവരും സ്വന്തമായി കോഴിക്കൂടുള്ളരുമായവർക്ക് അഞ്ചു കോഴികൾ വീതമുള്ള ഒരു യൂണിറ്റ് കോഴി വീതം നൽകാൻ തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം 393 യൂണിറ്റ് കോഴികളെ (1965 കോഴികൾ) വാങ്ങിയതിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിതരണവിവരം, ഗുണഭോക്താക്കളുടെ അപേക്ഷ എന്നിവ ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ മാനദണ്ഡങ്ങൾ പാലിച്ചാണോ നിർവ്വഹണം നടത്തിയെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 15/11.08.23) മറുപടി ലഭ്യമാക്കിയില്ല. വിതരണവിവരം ലഭ്യമല്ലാത്തതിനാൽ പ്രോജക്ടുകൾക്ക് ചെലവഴിച്ച 289800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-43 സർക്കാർ അനുമതി നൽകിയതിലും കൂടിയ തുകക്ക് മൊബൈൽ ഫോൺ വാങ്ങി - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല

നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനായി ഫ്രണ്ട്സ് സൂപ്പർ ഷോപ്പി, പെരുവ എന്ന സ്ഥാപനത്തിൽ നിന്ന് 10990 രൂപയുടെ മൊബൈൽ ഫോൺ വാങ്ങുകയും 25.10.2022 ലെ 22200685 നമ്പർ വൗച്ചർ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 24/09/21 തീയതിയിലെ ജി ഓ(ആർ.ടി) 1846/21/Lsgd ഉത്തരവ് പ്രകാരം ജിയോ ടാഗിംഗ് നടത്തുന്നതിനായി 10000 രൂപയിൽ കവിയാത്ത മൊബൈൽ ഫോൺ വാങ്ങുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉയർന്ന തുകക്ക് മൊബൈൽ ഫോൺ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നടത്തിയ 990 രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു. ചെലവുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-44 റോഡ് കോൺക്രീറ്റിങ്ങ്- ചെറിയ ചെയിനേജുകളിൽ മാത്രം പ്രവൃത്തി ഒതുങ്ങുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 17 പ്രോജക്ടുകളും റോഡ് കോൺക്രീറ്റിംഗ് വേലകളാണ്. ഇതിൽ എല്ലാം തന്നെ 50 മീറ്ററിൽ താഴെ നീളവും 3 മീറ്റർ വീതിയും 15 സെന്റിമീറ്റർ കനത്തിലും കോൺക്രീറ്റ് ചെയ്ത പ്രവൃത്തികളാണ്.

ഒരു റോഡിലെ മുഴുവൻ പ്രവൃത്തികളും ഒരുമിച്ച് നിർവ്വഹിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രവണതയാണ് കാണപ്പെട്ടത്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ 9 റോഡ് കോൺക്രീറ്റിംഗ് പ്രോജക്ടുകളുടെയും എസ്റ്റിമേറ്റ് 44.5 മീറ്റർ നീളവും 3 മീറ്റർ വീതിയിലും കോൺക്രീറ്റിംഗ് ചെയ്യുന്നതിനു വേണ്ടിയാണ്. ഇതുകാരണം പ്രവൃത്തികളുടെ എണ്ണം കൂടുന്നതിനും കൃത്യമായ നിർവ്വഹണം സാധ്യമാകാതെയും വരുന്നു. ആവശ്യകത നിർണ്ണയിക്കാതെ ഇപ്രകാരം ഒരേ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്താനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം. 31/11.08.23) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ പ്രോജക്ട് ആവിഷ്കരിച്ചതിനാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടി.എസ്.ലഭ്യമാക്കൽ, ടെണ്ടർ നടപടികൾ സ്വീകരിക്കൽ എന്നീ നടപടികളിൽ കാലതാമസമുണ്ടാവുകയും കൃത്യമായ സൂപ്പർ വിഷൻ നടക്കാതെയും വരുന്നു. കൂടാതെ ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് കാര്യക്ഷമതയുള്ള കരാറുകാരുടെ ടെണ്ടർ പങ്കാളിത്തം കുറയുകയും ആയത് പ്രവൃത്തിയുടെ ഗുണനിലവാരം കുറക്കുകയും ചെയ്യുന്നു. ഒരു സാമ്പത്തിക വർഷം ഒരു റോഡിലെ മുഴുവൻ പ്രവൃത്തികൾക്കുമായി പ്രോജക്ട് രൂപീകരിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തി നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും വന്ന മേൽ അപാകതകൾ ഉത്തരവാദപ്പെട്ട വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

1-45 റോഡ് കണക്ടിവിറ്റി മാപ്പ്- തയ്യാറാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി:19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി

മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു പ്രോജക്ടും മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം പ്രോജക്ട് തയ്യാറാക്കിയെങ്കിലും നടപ്പാക്കിയില്ല മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.31/11.08.23)മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-46 ആശ്രയ പദ്ധതി വിഹിതം കൈമാറൽ-കൈമാറിയ മുഴുവൻ തുകയും വിനിയോഗിച്ചില്ല

പ്രോജക്ട്	107/23
അടങ്കൽ	200000
ചെലവ്	200000
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം നാലു ഗുണഭോക്താക്കളുടെ വീട് അറ്റകുറ്റപ്പണിക്കായി 200000രൂപ പിൻവലിച്ച് സി ഡി എസിന്റെ 3722998438 നമ്പർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ നിന്ന് രണ്ട് ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിനുള്ള അവസാനഗഡുവും(25000X2) രണ്ട് ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനുള്ള മുൻകൂർ തുകയും (25000x2) ഉൾപ്പെടെ 100000രൂപ നൽകിയിട്ടുണ്ട്. മുൻകൂർ കൈപ്പറ്റിയ ശ്രീമതി ലിസി കുട്ടപ്പൻ, ശ്രീമതി സാറാമ്മ പൗലോസ് എന്നീ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല. ടി ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൻ വർഷം നൽകിയ തുകയിൽ 100000 രൂപ ഉൾപ്പെടെ 440090.2 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ടെന്ന് അക്കൗണ്ട് രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ആയതിനാൽ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഈ വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. ഭരണസമിതി അടിയന്തിരമായി വിഷയത്തിൽ ഇടപെടേണ്ടതും ലഭ്യമായ തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-47 അധിക വിഭവസമാഹരണം

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.
2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ടെങ്കിലും 31.03.23 തീയതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം 17 ലക്ഷം രൂപയിലേറെ വസ്തു നികുതിയിനത്തിൽ കുടിശികയായി അവശേഷിക്കുന്നു.
4. 01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കുന്നത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 08.05.2023 ലെ I/1 നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.
5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2. 01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കിയിട്ടില്ല. സോഫ്റ്റ് വെയർ

അപ്ഡേഷൻ നടത്തിയിട്ടില്ല. മേൽ നിരക്കുകൾ 22.06.2023 ലെ കമ്മറ്റിയിൽ അംഗീകരിച്ചിട്ടുള്ളതും അന്തിമ വിജ്ഞാപനത്തിനായി തയ്യാറാക്കിയിട്ടുള്ളതുമാണ്.
3. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ അപ് ലോഡ് ചെയ്തിട്ടില്ല.

തൊഴിൽ നികുതി
1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.
3. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.
വിനോദ നികുതി
ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയം മുതലായവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ചിട്ടില്ല.

നികുതിയേതര വരവുകൾ
1. ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 384 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ആയിരത്തിലേറെ വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

2. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്ത് വാടകയ്ക്ക് നൽകുന്നുണ്ട്.

വിഭവ സമാഹരണം കാര്യക്ഷമമാക്കുന്നതിന് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2022-23	08.08.2023

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആൻറ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആൻറ് പേയ്മെൻറ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പ്രോജക്ട് നം.	വിഹിതം നൽകിയ സ്ഥാപനം	ലഭിച്ചതുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി

77/23	ജില്ലാ പഞ്ചായത്ത്	360000	ലൈഫ് ഭവനപദ്ധതി എസ്.സി.പി	360000	0
111/23	”	108000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	108000	0
	ആകെ	468000		468000	
201/23	ബ്ളോക്ക് പഞ്ചായത്ത്	518683	അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ നം.55, 56	518683	0
111/23	”	200000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	200000	0
203/23	”	443030	പാലിനു സബ്സിഡി	443030	0
34/23	”	225000	അംഗൻവാടി പൂരക പോഷകാഹാരം	225000	0
62/23	”	752234	പൊതുശ്മശാനം ആധുനീകവത്ക്കരണം	752234	0
	ആകെ	2138947		2138947	0

4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് തൻവർഷം തുക നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

4-5 വായ്പ/വായ്പാ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്68/2018 തസ്വഭവ തീ18-5-2018	5624000/-	0/-	1482706	-	4141294

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം., തീയതി
2021-22	ഓഡിറ്റ് എൻക്വയറി നം.10(2)	15915	ശശിധരൻ നായർ, കോൺട്രാക്ടർ	1220105367/16.12.2022
2015-16	2-8	1200	ശരത് ശശി, ടെക്നിക്കൽ അസിസ്റ്റന്റ്	1220105826/11.01.2023

4-8 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15 2015-16	2-5 2-6, 2-7, 2-8, 2-10	2016-17	അനുബന്ധം 4, അനുബന്ധം 5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15		2016-17	അനുബന്ധം 3	വസ്തുനികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)	:	66832990
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)	:	38362569
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	6394382

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-28	16000	ശ്രീ. അരുൺകുമാർ എൻ , സെക്രട്ടറി
1-29	239700	ശ്രീ. അരുൺകുമാർ എൻ , സെക്രട്ടറി
1-33	35410	ശ്രീ. ശ്രുതിരാജ് ആർ , കൃഷി ഓഫീസർ
1-35	87378	ഡോ. നിഷമോഹൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-38	1434389	ശ്രീ. സാലിൻ പി.എസ്, അസി. എഞ്ചിനീയർ
1-39	3488872	ശ്രീ. അരുൺകുമാർ എൻ , സെക്രട്ടറി
1-40	802833	ശ്രീമതി മീഡിയ റാണി, അസി. എഞ്ചിനീയർ
1-42	289800	ശ്രീമതി ജിംസി ജോസഫ്, വെറ്ററിനറി സർജൻ
ആകെ	6394382	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ബാധകമല്ല

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിയ്ക്കുന്ന ഖണ്ഡികകൾ
2003-04	കെ.എസ്.എ കെ.ടി.എം പി.5.325/07/04.08.07	
2004-05	കെ.എസ്.എ കെ.ടി.എം പി 8 അദാ.2022/861(2)/04.08.22	2
2007-08	കെ.എസ്.എ കെ.ടി.എം പി 8 അദാ/2022/86(4)/22/04.08.22	5
2009-10&2010-11	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(6)/ 2018/09.01.18	24
2011-12	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(7)/ 2018/09.01.18	16
2012-13 & 2013-14	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(1)/22/09.08.2022	8
2014-15	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/861(6)/22/04.08.22	5

2015-16	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(2)/22/04.08.2022	8
2016-17	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(3)/22/04.08.2022	18
2017-18	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(4)/22/04.08.2022	19
2018-19	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/171(2)/04.08.2022	28
2019-20	കെ.എസ്.എ കെ.ടി.എം പി 8 -/1611/22/07.06.22	17
2020-21	കെ.എസ്.എ കെ.ടി.എം പി 8 -1618/22/17.05.2022	19
2021-22	കെ.എസ്.എ കെ.ടി.എം പി 8 .2519/2022/	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 23-06-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mulakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mulakkulam Grama Panchayat for the year 2022-2023

Date: 01/11/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mulakkulam Grama Panchayat for the Year 2022-2023.

1.Major Observations

1. Assets not classified and evaluated and asset register has not updated.
2. Non-Disclosure of Capital Contribution. Capital Contribution Register and details not kept.
3. General Fund Details not maintained. Source data not available for the value of Total General fund on 31/03/2023.

2.Other Observations

1. Government and Other dues register is not kept.
2. Notes on account regarding Prior period income/expenditure not inluded in AFS
3. Capital Work in Progress Details and Register are not kept.

Deputy Director
District Audit Ofiice, Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്